**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൊടുപുഴ നഗരസഭ – 2018 സ്വാതന്ത്ര്യ ദിന റാലിയും പൊതുസമ്മേളനവും - നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1237/2019/തസ്വഭവ — തിരുവനന്തപുരം, തീയതി, 18/06/2019

പരാമർശം:- 1. തൊടുപുഴ നഗരസഭയുടെ 04/08/2018 ലെ 2-ാം നമ്പർ കൗൺസിൽ തീരുമാനം.
2. തൊടുപുഴ നഗരസഭാ സെക്രട്ടറിയുടെ 14/08/2018 ലെ G4-16861/16 നമ്പർ കത്ത്.
3. തൊടുപുഴ മർച്ചന്റ് യൂത്ത് വിങ്ങ് യൂണിറ്റ് ജനറൽ സെക്രട്ടറിയുടെ 28/11/2018 ലെ കത്ത്.
4. നഗരകാര്യ ഡയറക്ടറുടെ 22/02/2019 ലെ ഡി.സി3-28045/2018 നമ്പർ കത്ത്.

**ഉത്തരവ്**

തൊടുപുഴ നഗരസഭയും പൊതുവിദ്യാഭ്യാസ വകുപ്പും തൊടുപുഴ മർച്ചന്റ് യൂത്ത് വിംഗും സംയുക്തമായി സ്വാതന്ത്ര്യദിന റാലിയും പൊതുസമ്മേളനം എല്ലാ വർഷവും നടത്തിവരാറുണ്ടെന്നും, നഗരസഭ പരിധിയിലുള്ള മുഴുവൻ സ്കൂളുകൾ കോളേജുകൾ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വ്യാപാര വ്യവസായ പൊതു സ്ഥാപനങ്ങൾ എന്നിവർ ചേർന്നുള്ള ഘോഷയാത്രകൾ കലാമത്സരങ്ങൾ സാംസ്കാരിക സമ്മേളനങ്ങൾ എന്നിവയും ഇതിന്റെ ഭാഗമായി നടത്തിവരുന്നുവെന്നും, മൂവായിരക്കണക്കിന് കുട്ടികൾ ഉൾപ്പെടെയുള്ള ആളുകൾ പ്രസ്തുത പരിപാടികളിൽ സംഘടിപ്പിക്കുന്നതിനാൽ ലക്ഷക്കണക്കിന് രൂപയുടെ ചെലവുകൾ ആഘോഷ പരിപാടികളുടെ നടത്തിപ്പിനായി വേണ്ടിവരുന്നുവെന്നും, നഗരസഭയുടെ നേതൃത്വത്തിൽ സംയുക്തമായി നടത്തുന്ന ഈ സംരംഭത്തിന് നഗരസഭാ ഫണ്ടിൽ നിന്നും 1,50,000/- രൂപ വരെ ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (2) (3) കത്തുകൾ പ്രകാരം അഭ്യർത്ഥിക്കുകയും, സ്വാതന്ത്ര്യ ദിനാഘോഷ പരിപാടികളിൽ ഘോഷയാത്ര ഒഴികെയുള്ളവ നടത്തിയിട്ടുള്ളതാണെന്ന് പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൊടുപുഴ നഗരസഭയും പൊതുവിദ്യാഭ്യാസ വകുപ്പും തൊടുപുഴ മർച്ചന്റ് യൂത്ത് വിംഗും സംയുക്തമായി സംഘടിപ്പിക്കുന്ന സ്വാതന്ത്ര്യദിനാഘോഷ പരിപാടികളുടെ നടത്തിപ്പിലേക്ക് തൊടുപുഴ നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് 1,50,000/- (ഒരു ലക്ഷത്തി അമ്പതിനായിരം) രൂപ അവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
അനീഷ്.റ്റി,
അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മുനിസിപ്പൽ സെക്രട്ടറി, തൊടുപുഴ നഗരസഭ, തൊടുപുഴ – 685584
ജനറൽ സെക്രട്ടറി, തൊടുപുഴ മർച്ചന്റ് യൂത്ത് വിങ്ങ് യൂണിറ്റ്, വ്യാപാര ഭവൻ, പിൻ - 685584
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Renadu

സെക്ഷൻ ഓഫീസർ